മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2025 നവംബർ 11

സ്വപ്നത്തെ കാഴ്ചപ്പാടാക്കുമ്പോൾ ലക്ഷ്യം കൈവരിക്കും - ഡോ. ജോർജ് ജോൺ

സ്വപ്നങ്ങളെ കാഴ്ചപ്പാടായി പരിവർത്തനം ചെയ്യുമ്പോഴാണ് ലക്ഷ്യം കൈവരിക്കുന്നതെന്ന്
പ്രശസ്ത കൺസൾട്ടൻറ് സൈക്കാട്രിസ്റ്റ് ഡോ. ജോർജ് ജോൺ. ഭാഗ്യോദയങ്ങൾക്ക് സദാസന്നദ്ധമായ മനസ്സ് രൂപപ്പെടുത്തുക ഒരു വ്യക്തിയെ സംബന്ധിച്ച് അനിവാര്യമാണെന്നും മഹാത്മാഗാന്ധി സർവകലാശാലയിൽ 'സ്വപ്നങ്ങൾ, ഭാഗ്യോദയം, സർഗ്ഗാത്മകത' എന്ന വിഷയത്തിൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണം നടത്തവേ അദ്ദേഹം പറഞ്ഞു. സർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്തു.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെൻറ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് അധ്യക്ഷത വഹിച്ചു. സർവകലാശാല രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ഡോ. പി.സി. വർഗീസ്, കോട്ടയം മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോ. വർഗീസ് പുന്നൂസ്, ഡോ. മാത്യു കുര്യൻ, ഡോ. വിനോദ് കുമാർ, ഡോ. ബാബു ജോൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ചെയർ പ്രഫസർ ഫാ.ഡോ. കെ.എം. ജോർജ് സ്വാഗതവും സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് അസി. പ്രഫസർ ഡോ. ബോബൻ ജോസഫ് നന്ദിയും പറഞ്ഞു. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് ചെയർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെൻറ് സ്റ്റഡീസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

ഫോട്ടോ ക്യാപ്ഷൻ

മഹാത്മാഗാന്ധി സർവകലാശാലയിൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണം സർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ഉദ്ഘാടനം ചെയ്യുന്നു. രജിസ്ട്രാർ പ്രൊഫ. ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. ജോർജ് ജോൺ, ഡോ. വർഗീസ് പുന്നൂസ്, ഫാ.ഡോ. കെ.എം. ജോർജ്, ഡോ. പി.പി. നൗഷാദ് എന്നിവർ സമീപം.

(പി.ആർ.ഒ/39/2192/2025)

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബി.എഡ് (സിഎസ്എസ്-2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2022 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2021 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2020 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ദ്വിവത്സര കോഴ്സ്) പരീക്ഷകൾക്ക് നവംബർ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 14 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 15 വരെയും അപേക്ഷ സ്വീകരിക്കും.

……..

ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്.സി ബേസിക് സയൻസസ് (കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്) ഇന്റഗ്രേറ്റഡ് എംഫിലാംഗ്വേജസ്-ഇംഗ്ലീഷ് (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് നവംബർ 20 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 21 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 22 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/2193/2025)

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബിഎ മ്യൂസിക് വോക്കൽ (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017, 2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ

17,18,19,27,28 ഡിസംബർ 1,3,4,5 തീയതികളിൽ തൃപ്പുണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈനിൽ.

(പി.ആർ.ഒ/39/2194/2025)

പബ്ലിക് റിലേഷൻസ് ഓഫീസർ